# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4136
### (12.11.2019-ലെ മറുപടിക്ക്)

**<u>പള്ളിക്കത്തോട് ട്രഷറിയുടെ പുതിയ കെട്ടിടം</u>**

| | ചോദ്യം | മറുപടി |
|---|---|---|
| | **ഡോ.എൻ.ജയരാജ്**<br>**(ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | പള്ളിക്കത്തോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള 15 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് വിട്ടു നൽകുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായിട്ടുണ്ട്. ജില്ലാ കളക്ടർ മുഖാന്തിരം സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതിക്ക് വിധേയമായി പ്രസ്തുത സ്ഥലത്ത് പള്ളിക്കത്തോട് ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആവശ്യത്തിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ഭരണാനുമതി നൽകിയിട്ടില്ല. |
| (ഡി) | പള്ളിക്കത്തോട് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ? | നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് Detailed Project Report തയ്യാറാക്കി വരുന്നു. ജില്ലാ കളക്ടറിൽ നിന്നും ഭൂമി കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**